**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C)17126/2012 നമ്പർ കേസിൽ 23.07.2012 ൽ ഉണ്ടായ വിധിന്യായത്തിൻ പ്രകാരം പരാതിക്കാരെ നേരിൽ കേട്ടശേഷം പരാതികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).3025/13/തസ്വഭവ                                        തീയതി, തിരുവനന്തപുരം, 09.12.2013

==========================================================================

പരാമർശം:- WP(C)17126/12 നമ്പർ കേസിൽ 23.07.2012 ൽ ഉണ്ടായ വിധിന്യായം.

**<u>ഉത്തരവ്</u>**

കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)17126/2012 നമ്പർ കേസിൽ 23.07.2012 ൽ ഉണ്ടായ വിധിന്യായത്തിൽ Ext.P5 & Ext.P6 എന്നീ പരാതികൾ പരാതിക്കാരെ നേരിൽ കേട്ടശേഷം തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

08.07.2013 ൽ അണ്ടർ സെക്രട്ടറിയും, 02.09.2013 ൽ അഡീഷണൽ സെക്രട്ടറിയും Hearing നടത്തിയെങ്കിലും petitioner ശ്രീ.വി..എം.അബ്ദുള്ള ഹാജരാകാത്തതു കാരണം തീരുമാനം എടുത്തിരുന്നില്ല. തുടർന്ന് 22.10.2013 ൽ വീണ്ടും Hearing നടത്തി.

Sasi T.K. Programme Officer, MGNREGS, J.A.Anil Kumar, Programme Officer, MGNREGS, M.F.Abdul Jawad, Administrative Assistant, Panchayat എന്നിവർ 22.10.2013-ലെ hearing-ന് ഹാജരായിരുന്നു. രണ്ട് പ്രാവശ്യം അവസരം നൽകിയിരുന്നെങ്കിലും പരാതിക്കാർ ഹാജരായിരുന്നില്ല.

തൊഴിൽ ഉറപ്പ് പദ്ധതി നിലവിൽ വന്നതിന് ശേഷം ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള ജോലി ഭാരം കണക്കിലെടുത്തും ഗ്രാമപഞ്ചായത്തുകളിൽ നടത്തിപ്പിനാവശ്യമായ സ്ഥിരം നിയമനം നടന്നിട്ടില്ലയെന്നും എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധമില്ലാൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ ധാരാളം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിൽ തസ്തികകൾ സൃഷ്ടിക്കാതിരിക്കുന്നത് NREG Act 2005 ലെ Section 18 ന്റെ ലംഘനമാണെന്നും പരാതിക്കാർ ഉന്നയിച്ചു. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിട്ടുള്ള Programme Officer തസ്തികയിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും നിയമിക്കുന്നതിനു പകരം Panchayat Department ൽ നിന്നും നിയമിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

മേൽ പറഞ്ഞ ആവശ്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളെ കേട്ടശേഷം ലഭ്യമായ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. ഓരോ പഞ്ചായത്തിലും, ഒരു Data Entry Operator cum Accountant, ഒരു Engineer/Oversear എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 31.03.2012 ൽ 60 ലക്ഷം രൂപ വരെ ചിലവിടുന്ന ഗ്രാമപഞ്ചായത്തിന് മേൽ തസ്തികയിൽ ഒരാളെ കൂടി അധികം നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 200 ലക്ഷം രൂപ വരെ ചിലവഴിക്കുന്ന പഞ്ചായത്തിന് മേൽ തസ്തികയിൽ മൂന്നാമത് ഒരാളെ കൂടി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. NREG Act 2005 ലെ Section 18 പ്രകാരം ആവശ്യമായ ഉദ്യോഗസ്ഥരെ District Programme Co-ordinator, Programme Officer എന്നിവർക്ക് നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഈ നിയമത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് നിർദ്ദേശിക്കുന്നില്ല.

പഞ്ചായത്തുകളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിന് District Programme Co-ordinator, Block Programme Officer എന്നിവരെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ടി ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല.

നിലവിലുള്ള നിയമങ്ങളുടെ വെളിച്ചത്തിൽ പരാതിക്കാരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

To

1. കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ, രാജീവ് ഭവൻ, നീരാഴി ലെയ്ൻ, പുളിമൂട് ജംഗ്ഷൻ, തിരുവനന്തപുരം.
2. ശ്രീ.വി..എം.അബ്ദുള്ള, വട്ടക്കുടി, പഴേരി, കുപ്പടി പി.ഒ., സുൽത്താൻ ബത്തേരി, വയനാട്.
3. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. തിരുവനന്തപുരം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ